"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - WP(C)No.12319,18269,29150,29209,29826/2019 എന്നീ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 18.11.2019-ലെ ഉത്തരവ് - മുൻ അഹാഡ്സിലെ ജീവനക്കാരുടെ 01.04.2012 മുതൽ 30.06.2012 വരെയുള്ള ശമ്പള കുടിശ്ശിക അഹാഡ്സ് പ്രോജക്ട് ഡയറക്ടറുടെ പേരിൽ നിന്നും കില ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിന് അനുമതി നല്കിയിട്ടുള്ള തുകയിൽ നിന്ന് വിതരണം ചെയ്യുന്നതിന് കില ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ .ബി.) വകുപ്പ്

**സ.ഉ.(സാധാ) നം.2771/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/12/2019

---

പരാമർശം:- 1 18.11.2019- ലെ സ.ഉ.(സാധാ) നം. 2594/2019/തസ്വഭവ

2 WP(C)No.12319,18269,29150,29209 & 29826/2019 എന്നീ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 18.11.2019 -ലെ ഉത്തരവ്

3 കില ഡയറക്ടറുടെ 29.11.2019-ലെ കില/2019/101/2921/എച്ച്.ക്യു- നമ്പർ കത്ത്.

4 29.11.2019-ലെ ഗ്രാമവികസന കമ്മീഷണറുടെ 7028/റ്റി. & എ.1/18/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

അഹാഡ്സ് -സി സി പി ആർ എമ്മിനെ-നെ ഡിസോൾവ് ചെയ്ത് ഉപാധികളില്ലാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ലയിപ്പിച്ച സാഹചര്യത്തിൽ അഹാഡ്സ് പ്രൊജക്റ്റ് ഡയറക്ടറുടെ പേരിൽ അഗളി സബ്-ട്രഷറിയിലെ അക്കൗണ്ടുകളിലുള്ള (Spl.TSB & TAP) 3,54,93,793/- രൂപ (മൂന്നു കോടി അൻപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) കില ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

2) ബഹു. ഹൈക്കോടതി പരാമർശം (2) ഉത്തരവ് പ്രകാരം WP(C) No. 12319,18269,29150,29209 & 29826/2019 എന്നീ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുള്ള മുൻ അഹാഡ്സ് ജീവനക്കാർക്ക്, പരാമർ ശം (1) പ്രകാരം അഹാഡ്സ് പ്രൊജക്റ്റ് ഡയറക്ടറുടെ പേരിൽ നിന്ന് കില ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുള്ള മേൽപറഞ്ഞ തുകയിൽ നിന്നും 01.04.2012 മുതൽ 30.06.2012 വരെ ജോലിചെയ്തതിന്റെ ആനുകൂല്യങ്ങൾ നല്കുന്നതിന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം കില ഡയറക്ടറുടെ പേരിലേക്കു മാറ്റുന്ന തുകയിൽ നിന്നും കോടതി ഉത്തരവു പ്രകാരമുള്ള തുക മുൻ അഹാഡ്സ്

ജീവനക്കാർക്ക് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം കില ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയുടെ പരാമർശം (2) ഉത്തരവ് നടപ്പാക്കുന്നതിനായി, WP(C)No.12319,18269,29150,29209 & 29826/2019 എന്നീ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുള്ള മുൻ അഹാഡ്സ് ജീവനക്കാർക്ക് 01.04.2012 മുതൽ 30.06.2012 വരെ അനുവദനീയമായ വേതന കുടിശ്ശിക പരാമർശം (1) ഉത്തരവ് പ്രകാരം അഹാഡ്സ് പ്രൊജക്ട് ഡയറക്ടറുടെ പേരിൽ അഗളി സബ്-ട്രഷറിയിലുള്ള അക്കൗണ്ടുകളിൽ നിന്നും കില ഡയറക്ടറുടെ പേരിലേക്ക് മാറ്റി നൽകുന്നതിന് അനുമതി നൽകിയിട്ടുള്ള 3,54,93,793/- രൂപയിൽ നിന്ന് അനുവദിക്കുന്നതിന് കില ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (With covering letter)
ഡയറക്ടർ, കില, തൃശ്ശൂർ.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ് എ/ഇ&ആർഎസ് എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരംഎക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ